Roads in Kalkulam Taluk.

308. [32] **Shri T. T. Daniel:** Will the Minister for Public Works be pleased to state :

The total length of tarred roads in Kalkulam taluk ; and why the Government is delaying to put 'tar' in the roads within the limits of Colachel Municipality ?

Answer.

8 7/8 miles ; Because the Municipality did not remit the contribution.

UNSTARRED QUESTIONS POSTED FOR ANSWER ON 11-4-1955.

വെൺപകൽ പ്രാഥമികാരോഗ്യകേന്ദ്രം.

309. [1] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര വിളവംകോട് കമ്മ്യൂണിറ്റി പ്രോജക്ടിന്റെ ആഭിമുഖ്യത്തിലുള്ള വെൺപകൽ പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ട് എത്ര നാളായി;

(ബി) അവിടെ എത്ര രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്;

(സി) നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സിച്ച രോഗികളുടെ ആഹാരച്ചെലവിനായി എന്തു തുക അനുവദിച്ചിട്ടുണ്ട്; എന്തു ചെലവായി;

(ഡി) ഒന്നും അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണം എന്ത്;

(ഇ) പ്രസ്തുത സ്ഥാപനത്തിലേക്ക് അനുവദിച്ചിട്ടുള്ള സ്റ്റാഫിൽ ഇനിയും എത്രപേരെ നിയമിക്കാനുണ്ട്; ഏതേത് സ്ഥാനങ്ങളിൽ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലേക്ക് ഉടനടി ആരെ നിയമിക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ഉത്തരം.

(എ) 14-12-1954 മുതൽ പ്രവർത്തനം ആരംഭിച്ചു.
(ബി) ആറ്.
(സി) 150 രൂപ അനുവദിച്ചു. അതിൽ ഒന്നും ചെലവായില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.
(ഇ) അനുവദിച്ചിട്ടുള്ള സ്റ്റാഫിനെ മുഴുവൻ നിയമിച്ചിട്ടുണ്ട്.
(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ബസ്സ് പെർമിറ്റ്.

310. [3] ശ്രീ. പി. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുപ്രകൃപുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇണ്ടൂർ ഡിസ്ട്രിക്റ്റിൽ ചാലക്കുടി മുതൽ മാള കുണ്ടൻ കോട്ടവരെ ഓടുന്നതിന് എത്ര ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്;

(ബി) ഒരു ദിവസത്തിൽ എത്ര ട്രിപ്പ് ഓടുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) വളരെ ശതാശതമുള്ള ഈ റോഡ് ടാറിടുന്നതിന് ഗവൺമെന്റ് സ്റ്റോർട്ടുമന്ത്രി ഗവണ്മെൻറിലേയ്ക്ക് ശുപാർശ ചെയ്യുമോ;

(ഡി) അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഇതുംകൂടെ ഉൾപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ഉത്തരം:

(എ) ചാലക്കുടി മുതൽ കൃഷ്ണൻകോട്ടവരെ ഓടുന്നതിന് പെർമിറ്റൊന്നും കൊടുത്തിട്ടില്ല; പക്ഷെ കാഞ്ഞിരപ്പിള്ളി മുതൽ കൃഷ്ണൻകോട്ടവരെ ചാലക്കുടി, മാള വഴി ഓടുന്നതിന് രണ്ടു ബസ്സുകൾക്ക് പെർമിറ്റുണ്ട്.

(ബി) മേൽപ്പറഞ്ഞ ഓരോ ബസ്സും മുന്നു മുഴുവൻ ട്രിപ്പുകൾ വീതം ഓടുന്നുണ്ട്.

(സി & ഡി) ഈ ജോലി അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാം.

യാചകരുടെ സെൻസസ്സ്.

311. [7] ശ്രീ. പി.നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ആകെ എത്ര യാചകരുണ്ടെന്നു് എന്തെങ്കിലും കണക്കുകൾ എടുത്തിട്ടുണ്ടോ;

(ബി) ഓരോ മുനിസിപ്പൽ ടൗണുകളിലും തിരുവനന്തപുരം കാർപ്പറേഷനിലും അലഞ്ഞുതിരിയുന്നവരുടെ കണക്കുകൾ പ്രത്യേകം എടുത്തിട്ടുണ്ടോ;

(സി) യാചകരുടെനിവാരണം എന്നപേരിൽ ഗവണ്മെൻറിനു് ഒരു പദ്ധതിയുണ്ടോ;

(ഡി) ആ പദ്ധതിയനുസരിച്ചു് 1950 ഏപ്രിൽ മുതൽ ഓരോ സാമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുകകളുടെ യഥാക്രമമുള്ള കണക്കുകൾ പറയുമോ;

(ഇ) യാചകരുടെ രോഗികളെത്രയാണു്; രോഗഹീനരെത്രയാണു്; എന്നുള്ളതിനു് പ്രത്യേകം കണക്കുകൾ വല്ലതുമുണ്ടോ;

(എഫ്) കഴിഞ്ഞ നാലുകൊല്ലമായി യാചകരുടെ ആകെ സംഖ്യ കൂടിവരികയാണോ എന്നുള്ള വിവരത്തിനു് കണക്കുകളുണ്ടോ;

(ജി) യാചകരുടെനിവാരണത്തിനു് പ്രത്യേകം നീക്കിവച്ചു (ഇയർമാർക്ക് ചെയ്തു) ധനസഹായം എന്തെങ്കിലും കേന്ദ്രത്തിനിന്നും നമുക്കു് ലഭിക്കുന്നുണ്ടോ;

(എച്ചു്) ഉണ്ടെങ്കിൽ 1950 ഏപ്രിൽമുതൽ ഓരോ സാമ്പത്തിക വർഷത്തിലും ആ ഇനത്തിൽ നമുക്കു് ലഭിച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്നും, ഓരോ കൊല്ലവും നാം ചെലവാക്കിയ തുക എത്രവീതമാണെന്നും പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly